ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് കാന്റീൻ പ്രവർത്തിക്കുന്നുണ്ട്. ഇതിന്മേൽ എച്ച്.ഡി.എസ്-ന് നിയന്ത്രണമൊന്നുമില്ല.

(ബി) ഈ കാന്റീൻ നടത്തുന്ന ഹോസ്പിറ്റൽ സ്റ്റാഫ് വെൽഫയർ കമ്മിറ്റിയ്ക്കാണ് ഇതിൽ നിന്നുമുള്ള വരുമാനം ലഭിക്കുന്നത്. എച്ച്.ഡി.എസ്.-ന് ഇതിൽ നിയന്ത്രണമില്ലാത്തതുകൊണ്ട് ഇതിൽ നിന്നുമുള്ള വരുമാനം എച്ച്.ഡി.എസ്.-ന് നൽകാൻ കഴിയില്ല.

ഒ.പി. ടിക്കറ്റിന് ഫീസ് പിൻവലിക്കാൻ നടപടി

166 (3881) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ ഒ.പി. ടിക്കറ്റിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജാശുപത്രിയിൽ ഒ.പി.ടിക്കറ്റിന് ഫീസ് ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണോ ഇപ്രകാരം ഫീസ് പിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഒ.പി.ടിക്കറ്റ് ചാർജ്ജ് പിൻവലിക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒ.പി. ടിക്കറ്റിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ജില്ലാ കളക്ടർ ചെയർമാനും വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ അംഗങ്ങളുമായിട്ടുള്ള ആശുപത്രി വികസന സമിതിയുടെ ഏകകണ്ഠമായ തീരുമാനപ്രകാരമാണ് ഒ.പി.ടിക്കറ്റിന് ചാർജ് ഈടാക്കുന്നത്.

(ഡി) പരിശോധിക്കാം.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly